# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 30.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെത്തി, ഏകതാ നഗറിൽ 280 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു.

   Prime Minister Narendra Modi arrived in Gujarat on a two-day visit and launched various development projects worth Rs 280 crore in Ekta Nagar.

2. നവീകരണത്തിൻ്റെയും സാങ്കേതികവിദ്യയുടെയും കാര്യത്തിൽ ഇന്ത്യയിലെ യുവജനങ്ങൾ ആഗോളതലത്തിൽ മുൻപന്തിയിലെന്ന് പ്രധാനമന്ത്രി .

   Prime Minister Narendra Modi said that Indian youth are global best in innovation and technology

3. നന്മയുടെ സന്ദേശവുമായി നാളെ ദീപാവലി; രാജ്യത്തും വിദേശത്തും ആഘോഷങ്ങൾക്ക് തുടക്കമായി

   With the message of goodness, Diwali tomorrow; Celebrations have started in the country and abroad

4. കിഴക്കൻ ലഡാക്കിലെ ഡെപ്സാങ്, ഡെംചോക്ക് മേഖലകളിൽ ഇന്ത്യ- ചൈന സൈനിക പിന്മാറ്റം പൂർത്തിയായി,സാധാരണ നില പുനഃസ്ഥാപിക്കുന്നതിന് ചർച്ചകൾ തുടരാൻ ധാരണ.

India-China military withdrawal completed in Depsang and Demchok areas of eastern Ladakh, agreement to continue talks to restore normalcy.

5. കേരളത്തിൽ തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ലോക്സഭാ നിയമസഭാ മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം അവസാനിച്ചു.

Election picture is clear in Kerala. The time for withdrawal of nomination papers has ended for Lok Sabha , assembly constituencies where by-elections are being held.

6. അടുത്ത മൂന്ന് ദിവസം തമിഴ്നാട്, പുതുച്ചേരി, കേരളം, തുടങ്ങിയ ഇടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

The Central Meteorological Department has said that there is a possibility of heavy rain in Kerala,Tamil Nadu, Puducherry, and other places for the next three days.

&&&&&&&&&&&&&&&&&&

## PM - GUJRAT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെത്തി. ഗുജറാത്തിലെ ഏകതാ നഗറിൽ 280 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിച്ചു. ദേശീയ ഏകതാ ദിവസായ നാളെ ശ്രീ മോദി ഏകതാ പ്രതിമയിൽ പുഷ്പാർച്ചന നടത്തും. രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷ ചടങ്ങിൽ ഏകത പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന പ്രധാനമന്ത്രി ഏകതാ പരേഡും വീക്ഷിക്കും.

&&&&&&&&&&&&&&&&&&

## PM-INNOVATION

നവീകരണത്തിൻ്റെയും സാങ്കേതികവിദ്യയുടെയും കാര്യത്തിൽ ഇന്ത്യയിലെ യുവജനങ്ങൾ മുൻപന്തിയിലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകത്തിൽ ഏറ്റവും കൂടുതൽ ഡെവലപ്പർമാർ ഉള്ള ഇന്ത്യയെ അഭിനന്ദിച്ച ഗിറ്റ് ഹബ് സിഇഒ തോമസ് ഡോംകെയുടെ സമൂഹ മാധ്യമ പോസ്റ്റ് പങ്കിട്ടുകൊണ്ടാണ് ശ്രീ മോദി എക്സിൽ ഇങ്ങനെ കുറിച്ചത് . ആഗോള ടെക് ടൈറ്റൻ എന്ന നിലയിൽ ഇന്ത്യയുടെ ഉയർച്ച ഒഴിവാക്കാനാവാത്തതാണെന്നും രാജ്യത്തെ ഡെവലപ്പർമാർ നിർമ്മിത ബുദ്ധി ഉപയോഗിച്ച് എ ഐ അധിഷ്ഠിതമായ പുതിയ കണ്ടെത്തലുകൾ നടത്തുന്നതായും ഡോംകെ പറഞ്ഞു. പബ്ലിക് ജനറേറ്റീവ് എഐ പ്രോജക്ടുകൾക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകുന്നവരിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## DIWALI CELEBRATIONS

നന്മയുടെ സന്ദേശവുമായി നാളെ ദീപാവലി; രാജ്യത്തും വിദേശത്തും ദീപാവലി ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ ഊർജ്ജിതമായി. മധുര പലഹാരങ്ങളും വസ്ത്രങ്ങളും പടക്കങ്ങളും വാങ്ങാനായി വിപണികളിൽ വൻ

ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. പടക്കങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സുരക്ഷാ മുൻകരുതലുകൾ പാലിക്കണമെന്ന് ഭരണകൂടങ്ങൾ ജനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ദീപാവലി പ്രമാണിച്ച് തമിഴ്നാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെയും മറ്റന്നാളും അവധി പ്രഖ്യാപിച്ചു. രാജസ്ഥാനിൽ ഇന്ന് രൂപ ചതുർദശി ആഘോഷങ്ങളും നടക്കുകയാണ്. ജയ്പൂർ, ജെയ്സൽമെർ ഉൾപ്പടെയുള്ള ഇടങ്ങളിൽ വിനോദസഞ്ചാരികളുടെ തിരക്കും വർധിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിലും നിറപ്പകിട്ടാർന്ന ദീപാവലി ആഘോഷങ്ങൾക്കായി ഇന്ത്യക്കാർ തയ്യാറായിക്കഴിഞ്ഞു. ഇന്ത്യ-യുഎസ് ബന്ധത്തിൽ ഇന്ത്യൻ സമൂഹം നൽകിയ സംഭാവനകൾ കണക്കിലെടുത്ത് വൈറ്റ് ഹൗസ്, ദീപാവലി ആഘോഷം സംഘടിപ്പിച്ചു. ചരിത്രത്തിൽ ആദ്യമായി, ദീപാവലി പ്രമാണിച്ച് ന്യൂയോർക്ക് നഗരത്തിലെ സ്കൂളുകൾക്ക് നവംബർ ഒന്നിന് അവധി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**AYODHYA– DEEPOTSAV– INTRO**

ദീപാവലിയോടനുബന്ധിച്ച് അയോധ്യയിൽ ഇന്ന് 25ലക്ഷത്തിലധികം ദീപങ്ങൾ തെളിയിച്ചു. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ ചേർന്നാണ് ചടങ്ങിന് തുടക്കം കുറിച്ചത്. ദീപാവലിയുടെ സന്ദേശവും ആദർശങ്ങളും ഉൾക്കൊണ്ട് ഇന്ത്യയെ ലോകത്തിലെ ഏറ്റവും ശക്തവും സമ്പന്നവുമായ രാജ്യമാക്കി മാറ്റണമെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്

പറഞ്ഞു.

( വോയിസ് )

55 ഘാട്ടുകളിൽ ദീപങ്ങൾ തെളിയിച്ച് ഏഴാം വട്ടവും ഗിന്നസ് ലോക റെക്കോർഡ് ഇടാനാണ് ഉത്തർപ്രദേശ് സർക്കാർ ലക്ഷ്യമിടുന്നത്. സരയൂ നദിക്കരയിൽ 1100 പേർ പങ്കെടുക്കുന്ന ആരതിയും നടക്കുകയാണ്.

&&&&&&&&&&&&&&&&&&

## GOVERNOR

ലോകമെമ്പാടുമുള്ള കേരളീയർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും ദീപാവലി ആശംസകൾ നേർന്നു. ദീപങ്ങളുടെ ആഘോഷം ജനമനസുകളിൽ ഒരുമയുടെ സന്ദേശവും ആഹ്ളാദവും നിറയ്ക്കട്ടെയെന്ന് ഗവർണർ പറഞ്ഞു. മനുഷ്യമനസ്സിൽ സാഹോദര്യത്തിൻറെ വെളിച്ചം നിറയ്ക്കുന്നതാകട്ടെ ദീപാവലി ആഘോഷങ്ങളെന്ന് മുഖ്യമന്ത്രി ആശംസിച്ചു.

&&&&&&&&&&&&&&&&&&

## By-election - Kerala

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിൽ ആരും പത്രിക പിൻവലിച്ചില്ല. സംസ്ഥാനത്തെ

തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായതോടെ മണ്ഡലങ്ങളിൽ സ്ഥാനാർഥികൾ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി.

പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലായി 35 പത്രികകളാണ് സ്വീകരിച്ചത്.

&&&&&&&&&&&&&&&&&&

## JHARKHAND ELECTION

ഝാർഖണ്ഡിൽ രണ്ടാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. 634 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചിട്ടുള്ളത്. രണ്ടാംഘട്ടത്തിൽ 38 മണ്ഡലങ്ങളിലാണ് തിരഞ്ഞെുടപ്പ് നടക്കുന്നത്. നവംബർ 20 നാണ് വോട്ടെടുപ്പ്. നാളെ വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാം. അതേ സമയം ആദ്യഘട്ട തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. ആദ്യഘട്ടത്തിൽ 43 മണ്ഡലങ്ങളിലായി മത്സരിക്കാൻ 743 പേരാണ് പത്രിക സമർപ്പിച്ചിട്ടുള്ളത്. നവംബർ 13 നാണ് വോട്ടെടുപ്പ്. ഇരുഘട്ടങ്ങളിലേയും വോട്ടെണ്ണൽ 23ന് നടക്കും.

&&&&&&&&&&&&&&&&&&

## INDIA-CHINA DISENGAGEMENT

കിഴക്കൻ ലഡാക്കിലെ ഡെപ്സാങ്, ഡെംചോക്ക് മേഖലകളിൽ ഇന്ത്യ- ചൈന സൈനിക

പിന്മാറ്റം പൂർത്തിയായി. യഥാർത്ഥ നിയന്ത്രണ രേഖയിൽ നാലര വർഷത്തെ സൈനിക തർക്കത്തിന് ശേഷമാണ് ഇപ്പോൾ പിന്മാറ്റം പൂർത്തിയായത് . മേഖലയിൽ സാധാരണ നില പുനഃസ്ഥാപിക്കുന്നതിനായി പ്രാദേശിക കമാൻഡർ തലത്തിൽ ചർച്ചകൾ തുടരുമെന്നും അതിർത്തി പട്രോളിംഗ് ഉടൻ പുനരാരംഭിക്കുമെന്നും സൈനിക വൃത്തങ്ങൾ വ്യക്തമാക്കി. ഈ മാസം 22 നാണ് സൈനിക പിന്മാറ്റം ആരംഭിച്ചത് .

&&&&&&&&&&&&&&&&&&

## RAILWAY – SPECIAL TRAIN

ദീപാവലി, ഛഠ് ഉത്സവ സീസണിൽ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് 7000ൽ ഏറെ സ്പെഷ്യൽ ട്രെയിനുകൾ അനുവദിച്ചതായി ഇന്ത്യൻ റെയിൽവേ .കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രണ്ടായിരത്തി അഞ്ഞൂറിലധികം ട്രെയിനുകൾ ഈ വർഷം സർവ്വീസ് നടത്തുന്നുണ്ട്. നാലായിരത്തി അഞ്ഞൂറ് സ്പെഷ്യൽ ട്രെയിനുകളായിരുന്നു കഴിഞ്ഞ വര്ഷം സർവീസ് നടത്തിയത്.ഈ വർഷം സ്പെഷൽ ട്രെയിനുകളുടെ എണ്ണം വർധിപ്പിക്കുന്ന കാര്യം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പ്രഖ്യാപിച്ചിരുന്നു. ദിവസേന രണ്ട് ലക്ഷത്തോളം അധിക യാത്രക്കാർക്ക് ഈ പ്രത്യേക ട്രെയിനുകളിൽ യാത്ര ചെയ്യാൻ കഴിയും .തിരക്ക് നിയന്ത്രിക്കാൻ റെയിൽവേ ഇത്തവണ നിരവധി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി വടക്കൻ

റെയിൽവേ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ ഹിമാൻഷു ശേഖർ ഉപാധ്യായ പറഞ്ഞു .

&&&&&&&&&&&&&&&&&&

## CM – SREEJESH INTRO

പാരിസ് ഒളിമ്പിക്സിൽ വെങ്കലനേട്ടം ആവർത്തിച്ച ഇന്ത്യൻ ഹോക്കി താരം പി.ആർ. ശ്രീജേഷിന് കേരള സർക്കാർ സ്വീകരണം നൽകി. തിരുവനന്തപുരത്ത് നടന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഹോക്കിയുടെ തിരിച്ചുവരവിൽ നിർണായക പങ്കുവഹിച്ച വ്യക്തിയാണ് പി ആർ ശ്രീജേഷെന്ന് അദ്ദേഹം പറഞ്ഞു.

( വോയിസ് )

സർക്കാർ പ്രഖ്യാപിച്ച 2 കോടി രൂപയുടെ പാരിതോഷികവും ശ്രീജേഷിന് സമ്മാനിച്ചു. ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ അഞ്ച് കായിക താരങ്ങൾക്കുള്ള നിയമന ഉത്തരവും ചടങ്ങിൽ കൈമാറി.

&&&&&&&&&&&&&&&&&&

## IMD – RAINFALL

അടുത്ത മൂന്ന് ദിവസം തമിഴ്നാട്, പുതുച്ചേരി, കേരളം, കാരക്കൽ, മാഹി എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ദക്ഷിണ കർണാടകയിൽ നാളെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. തമിഴ്നാട്, ആന്ധ്രാപ്രദേശ്, യാനം, തെലങ്കാന

എന്നിവിടങ്ങളിലും നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## KASARGOD ACCIDENT

കാസർകോട് നീലേശ്വരത്ത് കളിയാട്ടത്തിനിടെ ഉണ്ടായ വെടിക്കെട്ടപകടത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും 15 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം. അപകടത്തിൽ 150ൽ അധികം പേർക്കാണ് പരിക്കേറ്റത്. അതേസമയം, ഇന്ന് ചേർന്ന മന്ത്രിസഭായോഗത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## PIYUSH GOYAL SAUDI VISIT

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ സൗദി അറേബ്യൻ സന്ദർശനം തുടരുന്നു. ഇന്ന് റിയാദിൽ ഭാവി നിക്ഷേപ സംരംഭത്തിൻറെ പാനൽ ചർച്ചയിൽ അദ്ദേഹം പങ്കെടുത്തു. റിയാദിലെ ലുലു ഹൈപ്പർമാർക്കറ്റിൽ ദീപാവലി ആഘോഷങ്ങളും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു. വ്യവസായ രംഗത്തെ പ്രമുഖരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. സൗദി

മന്ത്രിമാരായ ബന്ദർ അൽ ഖൊറായ് ഫ്, ഖാലിദ് അൽ-ഫാലിഹ് എന്നിവരുമായും ശ്രീ ഗോയൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. പ്രവാസി പരിചയ-യുടെ സമാപന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**JS-MINISTRY**

സ്വച്ഛത ഹി സേവ 4.0 യുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ജോയിൻ്റ് സെക്രട്ടറി സി.സെന്തിൽ രാജൻ അവലോകനം ചെയ്തു. ചെന്നൈ ദൂരദർശൻ തമിഴ് മീഡിയ യൂണിറ്റുകളിലെ ഉദ്യോഗസ്ഥരുമായി പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ച് അദ്ദേഹം ആശയവിനിമയം നടത്തി .

&&&&&&&&&&&&&&&&&&

**HIGH COURT**

കേരള ഹൈക്കോടതിയിൽ 5 പുതിയ അഡീഷണൽ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. പി കൃഷ്ണകുമാർ, കെ വി ജയകുമാർ, എസ് മുരളീകൃഷ്ണ , ജോബിൻ സെബാസ്റ്റ്യൻ, പി വി ബാലകൃഷ്ണൻ എന്നിവരാണ് പുതിയ ജഡ്ജിമാരായി ചുമതലയേറ്റത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ പുതിയ ജഡ്ജിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇതോടെ ഹൈക്കോടതിയിലെ ആകെ ജഡ്ജിമാരുടെ എണ്ണം 45 ആയി ഉയർന്നു.